**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 980** **11-02-2025 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണം നഷ്ടപരിഹാര തുക വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ വന്യജീവി ആക്രമണത്തിൽ മരിച്ചവരുടേയും ഗുരുതരമായി പരിക്കേറ്റവരുടേയും വിശദാംശം ലഭ്യമാക്കുമോ; | (എ) | കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ മരിച്ചവരുടേയും ഗുരുതരമായി പരിക്കേറ്റവരുടേയും എണ്ണം അനുബന്ധം - (1) ആയി ചേർക്കുന്നു. |
| (ബി) | ഇക്കാലയളവിൽ വന്യജീവി ആക്രമണങ്ങൾമൂലം കർഷകർക്ക് സംഭവിച്ചിട്ടുള്ള കൃഷിനാശം, വന്യജീവികളുടെ ആക്രമണത്തിൽ വളർത്തുമൃഗങ്ങൾ കൊല്ലപ്പെട്ടത് മൂലമുണ്ടായ നാശനഷ്ടം എന്നിവ എത്രയെന്ന് അറിയിക്കുമോ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നഷ്ടപരിഹാരം കർഷകർക്ക് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | ഇക്കാലയളവിൽ മനുഷ്യ-വന്യജീവി സംഘർഷത്തിൽ സംഭവിച്ചിട്ടുള്ള വളർത്തു ജീവികൾ നഷ്ടപ്പെട്ടതിനും കൃഷിനാശത്തിനും അനുവദിച്ചിട്ടുള്ള നഷ്ടപരിഹാരത്തെക്കുറിച്ചുള്ള വിശദാംശം അനുബന്ധം (2) ആയി ചേർക്കുന്നു. |
| (സി) | വന്യജീവി ആക്രമണങ്ങളെ പ്രതിരോധിക്കുന്നതിനും, ജനവാസ മേഖലകളിൽ പ്രവേശിക്കുന്ന വന്യമൃഗങ്ങളെ എത്രയും വേഗം കാട്ടുകയറ്റുന്നതിനും പര്യാപ്തമാകുന്ന വിധത്തിൽ കൂടുതൽ ക്വിക്ക് റിയാക്ഷൻ ടീമുകൾ രൂപീകരിക്കുന്നതിനും, കൂടുതൽ വാഹനങ്ങളും, അത്യാധുനിക സംവിധാനങ്ങളും അടക്കം അവർക്ക് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (സി) | സംസ്ഥാനത്ത് പ്രവർത്തിച്ചു വന്നിരുന്ന ദ്രുത കർമ്മസേനകൾക്കു പുറമേ 31-05-2024 ലെ സർക്കാർ ഉത്തരവ് (കൈ) നം. 23/2024/വനം പ്രകാരം ഒൻപതു ഫോറസ്റ്റ് ഡിവിഷനുകളിൽ കൂടി പുതുതായി ദ്രുതകർമ്മ സേനകൾ (RRT) രൂപീകരിക്കുന്നതിന് സർക്കാർ ഉത്തരവാകുകയും ആയത് പ്രകാരം പുതിയ RRT കൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതോടുകൂടി സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന RRT കളുടെ എണ്ണം ആകെ 28 ആയിട്ടുണ്ട്.<br>വന്യജീവികൾ ജനവാസമേഖലകളിലേക്ക് എത്തിച്ചേരുന്ന സാഹചര്യങ്ങളിൽ സംഘർഷ നിവാരണത്തിനായി വിദഗ്ധ പരിശീലനം നേടി മുൻനിരയിൽ നിന്നും പ്രവർത്തിക്കുന്നവരാണ് ദ്രുതകർമ്മ സേനകൾ (RRTs). സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന 28 RRT കളുടെ ആധുനികവൽക്കരണത്തിനായി 3.00 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ SDMA ക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആധുനിക ഉപകരണങ്ങൾ ഉൾപ്പെടയുള്ള ടൂൾ റൂമുകൾ സജ്ജീകരിക്കൽ, സുരക്ഷാ ഉപകരണങ്ങൾ സംഭരിക്കൽ, കൂടുകളും ആയുധങ്ങളും ലഭ്യമാക്കൽ, |

| | | | |
|---|---|---|---|
| | | | മികച്ച പരിശീലനം പ്രദാനം ചെയ്യൽ എന്നിങ്ങനെ വിവിധോന്മുഖമായ പ്രവൃത്തികളാണ് ടി പ്രൊപ്പോസ-ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടുതൽ RRT കൾ രൂപീകരിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |
| (ഡി) | വന്യജീവി ആക്രമണത്തിൽ മരിക്കുന്നവർക്കും ഗുരുതരമായി പരിക്കേൽക്കുന്നവർക്കുമുള്ള നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നതിനും, പരിക്കേറ്റവർക്ക് സ്വകാര്യ ആശുപത്രികളിൽ അടക്കം സൗജന്യ വിദഗ്ധ ചികിത്സ ഉറപ്പാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിക്കുമോ; വിശദമാക്കുമോ ? | (ഡി) | 17/11/2014 ലെ സർക്കാർ ഉത്തരവ് (കൈ) നം. 96/2014/വനം പ്രകാരം മനുഷ്യ-വന്യജീവി സംഘർ-ഷത്തിൽ ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് അഞ്ച് ലക്ഷം രൂപയാണ് നഷ്ടപരിഹാരമായി നൽകിവന്നിരുന്നത്. എന്നാൽ 05/04/2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 17/2018/വനം പ്രകാരം പ്രസ്തുത നഷ്ടപരിഹാരത്തുക ഇരട്ടിയാക്കി 10 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും നിലവിൽ വർദ്ധിപ്പിച്ച തുക നൽകിവരുകയും ചെയ്യുന്നു.<br>വനത്തിന് പുറത്ത് വച്ച് പാമ്പുകടിയേറ്റും തേനീച്ച, കടന്നൽ എന്നിവയുടെ കുത്തേറ്റും ഉണ്ടാകുന്ന ജീവഹാനിക്ക് നഷ്ടപരിഹാരമായി രണ്ട് ലക്ഷം രൂപയും നൽകി വരുന്നു. കൂടാതെ നിലവിലെ നഷ്ടപ-രിഹാരരീതികൾ ദുരന്തനിവാരണ അതോറിറ്റിയുടെ വ്യവസ്ഥകൾ കൂടി കണക്കിലെടുത്ത് കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ വൈൽഡ് ലൈഫ് വാർഡൻ ലഭ്യമാക്കുകയുണ്ടായി. ആയത് നിലവിൽ പരിശോധനയിലാണ്.<br>ചികിത്സാചെലവ് അനുവദിക്കുന്നതിന് സർക്കാർ സിവിൽ സർജന്റെ സാക്ഷ്യപത്രം ആവശ്യമാണ് എന്ന നിബന്ധന രജിസ്റ്റേഡ് മെഡിക്കൽ പ്രാക്ടീഷ-ണറുടെ സാക്ഷ്യപത്രം എന്ന് ലഘൂകരിച്ചിട്ടുണ്ട്. ഇതോടുകൂടി ചട്ടപ്രകാരം ചികിത്സാ സഹായം നൽകു-ന്നതിന് സർക്കാർ സ്വകാര്യ ആശുപത്രി ഭേദവ്യ-ത്യാസം ഇല്ലാത്തതാകുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം -1

| വർഷം | മരണപ്പെട്ടവർ* | ഗുരുതരമായ പരിക്കു പറ്റിയവർ |
|---|---|---|
| 2020-21 | 88 | 254 |
| 2021-22 | 113 | 292 |
| 2022-23 | 89 | 272 |
| 2023-24 | 76 | 359 |
| **ആകെ** | **366** | **1177** |

* വന്യജീവി വിഭാഗത്തിൽ പെടാത്ത തേനീച്ച / കടന്നൽ എന്നിവയുടെ കുത്തേറ്റുണ്ടായിട്ടുള്ള മരണം ഈ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതാകുന്നു.

<u>അനുബന്ധം - (2)</u>

| വർഷം | വളർത്തു മൃഗങ്ങളുടെ നഷ്ടം | | വിള / സ്വത്ത് നഷ്ടം | |
|---|---|---|---|---|
| | എണ്ണം | നഷ്ടപരിഹാരം (രൂ. ലക്ഷം) | എണ്ണം | നഷ്ടപരിഹാരം (രൂ. ലക്ഷം) |
| 2020-21 | 814 | 53.80 | 6541 | 461.25 |
| 2021-22 | 637 | 111.66 | 6580 | 500.21 |
| 2022-23 | 637 | 146.66 | 6863 | 319.16 |
| 2023-24 | 807 | 230.11 | 8141 | 637.02 |
| **ആകെ** | **2895** | **542.23** | **28125** | **1917.64** |